പതിനാലാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ 16 | 25.04.2017 -ൽ മറുപടിക്ക്.

## അന്നപൂർണ്ണ പദ്ധതി

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.എം. മുകേഷ്**<br>**ശ്രീ.ആന്റണി ജോൺ**<br>**ശ്രീ.ഒ. ആർ. കേളു**<br>**ശ്രീ.യു. ആർ. പ്രദീപ്** | **ശ്രീ. പി. തിലോത്തമൻ**<br>**(ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പ് മന്ത്രി)** |
| (എ) സംസ്ഥാനത്ത് അന്നപൂർണ്ണ പദ്ധതി നടപ്പിലാക്കി വരുന്നുണ്ടോ ; | (എ) ഉണ്ട്. |
| (ബി) പ്രസ്തുത പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തൊക്കെയാണെന്നും ഇതിന്റെ ഗുണഭോക്താക്കൾ ആരൊക്കെയാണെന്നും ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്നും വ്യക്തമാക്കുമോ ; | (ബി) നാഷണൽ ഓൾഡ് ഏജ് പെൻഷൻ സ്കീമിൽ ഉൾപ്പെടാൻ അർഹതയുള്ളതും എന്നാൽ ചില കാരണങ്ങളാൽ അതിന്റെ പരിധിയിൽപ്പെടാത്ത 65 വയസ്സിന് മുകളിൽ പ്രായമുള്ള മുതിർന്ന പൗരന്മാർക്ക് ഭക്ഷ്യ സുരക്ഷ ഉറപ്പാക്കുക എന്ന ലക്ഷ്യത്തോടെ ആരംഭിച്ച പദ്ധതിയാണ് അന്നപൂർണ്ണ പദ്ധതി. താഴെ പറയുന്ന മാനദണ്ഡങ്ങൾക്കനുസൃതമായാണ് അന്നപൂർണ്ണ പദ്ധതി ഗുണഭോക്താക്കളെ കണ്ടെത്തുന്നത്.<br>1. അപേക്ഷകന്റെ പ്രായം അറുപത്തഞ്ചോ (65) അതിനു മുകളിലോ ആയിരിക്കണം.<br>2. സ്വന്തമായോ, കുടുംബാംഗങ്ങളുടെയോ ഇതര സ്രോതസ്സുകളിലൂടെയോ ഉള്ള വരുമാനം കൊണ്ട് ഉപജീവനത്തിന് മാർഗ്ഗമില്ലാത്ത അഗതികളായിരിക്കണം.<br>3. നാഷണൽ ഓൾഡ് ഏജ് പെൻഷൻ സ്കീമിലെയോ (NOAPS) മറ്റ് സംസ്ഥാന പെൻഷൻ പദ്ധതി പ്രകാരമോ ഉള്ള പെൻഷൻ ലഭിക്കാത്ത ആളായിരിക്കണം. |
| (സി) പദ്ധതി പ്രകാരം ഗുണഭോക്താക്കൾക്ക് സൗജന്യമായി ലഭിക്കുന്ന ഭക്ഷ്യധാന്യങ്ങൾ ഏതൊക്കെയാണ്; വിശദാംശം നൽകാമോ ; | (സി) അന്നപൂർണ്ണ ഗുണഭോക്താവിന് പ്രതിമാസം 10 കിലോഗ്രാം ഭക്ഷ്യധാന്യം (അരി/ഗോതമ്പ്) സൗജന്യമായി ലഭിക്കുന്നതാണ്. |
| (ഡി) പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിനായി 2016-17 സാമ്പത്തിക വർഷം ലഭിച്ച കേന്ദ്ര വിഹിതം എത്രയെന്ന് വ്യക്തമാക്കാമോ? | (ഡി) 2016-17 സാമ്പത്തിക വർഷത്തിൽ പ്രസ്തുത പദ്ധതിയ്ക്കായി കേന്ദ്രത്തിൽ നിന്ന് ഭക്ഷ്യധാന്യ വിഹിതം ഇതുവരെയും ലഭ്യമായിട്ടില്ല. എന്നാൽ 2.03 കോടി രൂപ കേന്ദ്ര വിഹിതമായി ലഭ്യമായിട്ടുണ്ട്. പദ്ധതി ച്ചിലവ് 80% കേന്ദ്രവും 20% സംസ്ഥാനവുമാണ് വഹിക്കുന്നത്. |

സെക്ഷൻ ഓഫീസർ